# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4710** **19-07-2022 - ൽ മറുപടിയ്ക്ക്**

## കലാകാരന്മാരുടെ ക്ഷേമനിധിയിൽ അംഗത്വം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | കലാകാരന്മാരുടെ ക്ഷേമനിധി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ പുതിയ അംഗത്വമെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, നിലവിൽ തിരുവനന്തപുരം ശാസ്തമംഗലം ശ്രീരാമകൃഷ്ണാ മിഷൻ ആശുപത്രി റോഡിൽ റ്റി.സി. 22/2031 രാധാനിവാസ് എന്ന കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നു. 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും, എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ കലാസാംസ്കാരിക, സാഹിത്യ മേഖലയിൽ ഉള്ളവർക്ക് നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകളും ഫീസും സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ചും അക്കാദമികൾ/ സാംസ്കാരിക സ്ഥാപനങ്ങൾ/സംഘടനകൾ എന്നിവ അംഗീകാരം നൽകുന്ന മുറയ്ക്കും ക്ഷേമനിധി ബോർഡ് അംഗത്വം നൽകി വരുന്നു. |
| (ബി) | കലാകാരന്മാരുടെ ക്ഷേമത്തിനായി സാംസ്കാരിക വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; അവ മുഴുവൻ കലാകാരന്മാർക്കും ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ? | (ബി) | **സംസ്ഥാന കലാകാര പെൻഷൻ, ചികിത്സാ ധനസഹായം എന്നീ പദ്ധതികളാണ് കലാകാരന്മാരുടെ ക്ഷേമത്തിനായി സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്നത് .**<br>സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള കലാകാരന്മാർക്ക് ചികിത്സാ ധനസഹായം,വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, പെൻഷൻ; കുടുംബ പെൻഷൻ,അവശതാ പെൻഷൻ, കോവിഡ് ധനസഹായം എന്നിവയും നൽകി വരുന്നുണ്ട്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മുഴുവൻ കലാകാരന്മാർക്കും ലഭ്യമാക്കുന്നതിനായി എല്ലാ ജില്ലകളിലും മെമ്പർഷിപ്പ് ക്യാമ്പയിൻ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ